**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1606** **11-09-2023 - ൽ മറുപടിയ്ക്ക്**

**നെൽവയൽ തണ്ണീർത്തടങ്ങൾ നികത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് അനധികൃതമായി നെൽവയൽ തണ്ണീർത്തടങ്ങൾ നികത്തിയത് സംബന്ധിച്ച് എത്ര പരാതികൾ റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ട് ; എത്ര പരാതികളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | മറുപടി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നെൽവയൽ തണ്ണീർത്തടങ്ങൾ അനധികൃതമായി നികത്തിയത് സംബന്ധിച്ച് പരാതി ലഭിച്ചാൽ സ്വീകരിക്കുന്ന തുടർനടപടികൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ; | (ബി) | പരാതി ലഭിച്ചാൽ, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവർ മുഖേന അന്വേഷണം നടത്തി അനധികൃതമായി നികത്തപ്പെട്ടതാണോയെന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, സെക്ഷൻ 13 പ്രകാരം, ഭൂവുടമകളേയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും നേരിൽ കേൾക്കുകയും ( ആവശ്യമെങ്കിൽ റവന്യൂ ഡിവിഷണൽ ഓഫീസർ പരിശോധന നടത്തിയും), അനധികൃതമായി നികത്തപ്പെട്ടതാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ടി ഭൂമി പൂർവ്വസ്ഥിതിയിലാക്കാൻ ജില്ലാ കളകർമാർ ഉത്തരവ് പുറപ്പെടുവിക്കുകയും, റവന്യൂ ഡിവിഷണൽ ഓഫീസർമാർ, വില്ലേജ് ഓഫീസർമാർ എന്നിവർ മുഖാന്തിരം ഉത്തരവ് നടപ്പിലാക്കുകയും ചെയ്യുന്നു. |
| (സി) | മേൽപ്പറഞ്ഞവയിൽ എത്ര കേസുകളിൽ നെൽവയൽ തണ്ണീർത്തടങ്ങൾ പൂർവസ്ഥിതിയിൽ ആക്കുവാൻ സാധിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ജില്ല തിരിച്ചു വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം : 27 കേസുകളിൽ പൂർവ്വ സ്ഥിതിയിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കൊല്ലം - 19 കേസുകളിൽ പൂർവസ്ഥിതിയിലാക്കി<br><br>പത്തനംതിട്ട - 22 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി<br><br>ആലപ്പുഴ - 3 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി<br><br>കോട്ടയം - 105 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇടുക്കി - 4 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി (17 കേസുകളിൽ പൂർവ്വസ്ഥിതിയിലാ ക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. )<br><br>എറണാകുളം - 9 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി<br><br>തൃശ്ശൂർ - 7 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി<br><br>പാലക്കാട് - 15 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി.<br><br>മലപ്പുറം - 21 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി (171 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്)<br><br>കോഴിക്കോട് 1 കേസിൽ പൂർവ്വസ്ഥിതിയിലാക്കി (76 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.)<br><br>വയനാട് - 7 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി<br><br>കണ്ണൂർ - 10 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി<br><br>കാസറഗോഡ് - 6 കേസുകളിൽ പൂർവ്വസ്ഥിയിലാക്കി |

സെക്ഷൻ ഓഫീസർ

| ജില്ല | പരാതികളുടെ എണ്ണം | നടപടി സ്വീകരിച്ചത് |
|---|---|---|
| തിരുവനന്തപുരം | 237 | 237 |
| കൊല്ലം | 303 | 303 |
| പത്തനംതിട്ട | 357 | 357 |
| ആലപ്പുഴ | 1423 | 1423 |
| കോട്ടയം | 266 | 266 |
| ഇടുക്കി | 98 | 98 |
| എറണാകുളം | 778 | 778 |
| തൃശ്ശൂർ | 328 | 328 |
| പാലക്കാട് | 865 | 865 |
| മലപ്പുറം | 1620 | 1620 |
| കോഴിക്കോട് | 311 | 311 |
| വയനാട് | 58 | 58 |
| കണ്ണൂർ | 65 | 65 |
| കാസർഗോഡ് | 355 | 355 |